**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5608** — **13-08-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ മടവീഴ്ച**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ മംഗലം മാണിക്കമംഗലം കായൽ പാടശേഖരത്തിൽ രണ്ടാമതും മട വീണത് മൂലം കൃഷി ഇറക്കാൻ കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത മടകുത്തുവാൻ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 13/5/2021 തീയതിയിൽ ആണ് കുട്ടനാട്ടിലെ മംഗലം മാണിക്കമംഗലം കായൽ പാടശേഖരത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് അവസാനമായി മടവീഴ്ച ഉണ്ടായത്. മടവീഴ്ച ഉണ്ടായ ഭാഗത്ത് 50 മീറ്റർ നീളത്തിൽ താല്ക്കാലികമായി ബണ്ട് നിർമ്മിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും തുക അനുവദിച്ചു കിട്ടുന്നതിനായി 24.06.2021-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കെ.ഡി.ഡിവിഷൻ, മങ്കൊമ്പ് സമർപ്പിച്ചെങ്കിലും എസ്.ഡി.ആർ.എഫ് -ൽ ഉൾപ്പെടുത്തി തുക അനുവദിക്കാൻ സാധിക്കില്ലെന്നും, താല്ക്കാലിക ബണ്ട് നിർമ്മിക്കുന്നതിനുള്ള തുക അതാത് വകുപ്പിൽ നിന്നും തന്നെ കണ്ടെത്തേണ്ടതാണെന്നും നിർദ്ദേശിച്ചു കൊണ്ട് 23.07.2021 ൽ ജില്ലാ കളക്ടർ എസ്റ്റിമേറ്റ് തിരികെ നൽകുകയുണ്ടായി. അടിയന്തിരമായി മട വീഴ്ച ഉണ്ടായ സ്ഥലത്ത് മടകുത്തി താല്ക്കാലിക ബണ്ട് നിർമ്മിക്കണമെന്നും അല്ലെങ്കിൽ കൃഷി ആരംഭിക്കുവാൻ സാധിക്കുകയില്ല എന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർ, ആലപ്പുഴ കുട്ടനാട് പാക്കേജിനെ അറിയിക്കുകയുണ്ടായി. അതിനെ തുടർന്ന് 49 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പാടശേഖരങ്ങളിൽ മടവീഴ്ച തടയുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ; | (ബി) | കുട്ടനാട്ടിലെ മട വീഴ്ച സാദ്ധ്യത കൂടുതലുള്ള പാടശേഖരങ്ങൾ കണ്ടെത്തി ആയവയുടെ പുറം ബണ്ടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ സൈഡ് കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ് |
| (സി) | പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | പ്ലാൻ പദ്ധതി, എസ്.ഡി.ആർ.എഫ്, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പാടശേഖരങ്ങളുടെ പുറം ബണ്ടുകളുടെ സംരക്ഷണത്തിനായി പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ